സർക്കുലർ നം: 14/14 തീയതി 23/07/14

വിഷയം : ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് – സർക്കാർ അംഗീകൃത അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവ സമർപ്പിക്കുന്ന വാർഷിക കണക്കുകളുടെ ഓഡിറ്റും അർഹതാ സാക്ഷ്യപത്രങ്ങൾ അനുവദിയ്ക്കലും – നടപടിക്രമങ്ങൾ സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത്, – സംബന്ധിച്ച്.

സൂചന :

1) The Orphanages and other Charitable Homes (Supervision & Control) Act, 1960.
2) The Kerala State (Orphanages and other Charitable Homes) Board of Control Rules 1961.
3) G.O.(Rt.)1171/63/Home dt. 18.5.1963.
4) G.O.(Ms.)276/65/Home dt. 24.7.1965.
5) G.O.(P)13/2008/SWD dt. 20.2.2008
6) G.O.(P)25/2012/SWD dt. 13.4.2012
7) The Kerala Grant- in- aid Rules for Payment of Boarding Grant to Orphanages and Boarding Homes for Destitute Children
8) G.O.(P)52/2013/SJD dt. 22.6.13
9) G.O.(Ms)24/2012/SWD dt. 13.4.2012
10) G.O.(Ms)36/2013/SJD dt. 6.5.2013
11) G.O.(Rt)76/2013/SJD dt. 23.9.13
12) ഗവ: ലറ്റർ നം.21486/എം.2/12 ആ.കു.വ. തീ: 26.5.12.
13) G.O.(Rt)453/2012/SWD dt. 11.10.12
14) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 1.2.2011 ലെ ജി.2/47510/2010 നമ്പർ സർക്കുലർ.
15) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 19.3.2011 ലെ ഒ.സി.ബി/ 2/3855/11 നമ്പർ സർക്കുലർ.
16) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 26.10.2013 ലെ ഒ.സി.ബി./1/17257/12 നമ്പർ സർക്കുലർ.

****

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ, വകുപ്പ് 3(1), പട്ടിക പ്രകാരം 13-ാം ക്രമനമ്പരായി ഉൾപ്പെടുത്തിയിട്ടുള്ള 'അനാഥാലയങ്ങളും പുവർ ഹോമുകളും' ഈ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുൾപ്പെടുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന അനാഥാലയങ്ങളുടെയും പുവർ ഹോമുകളുടെയും ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സൂചന (1) പ്രകാരം ഇന്ത്യയിലുടനീളം പ്രാബല്യത്തിലുള്ള ഈ നിയമം 1.7.1962 നാണ് പ്രസ്തുത നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത്. സൂചന (1) നിയമത്തിലെ 29(ജി) (എച്ച്) എന്നീ വകുപ്പുകളിൽ അംഗീകാരം, രജിസ്റ്റർ/ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച വിശദമായ ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ സംസ്ഥാന ഗവൺമെന്റിനധികാര മുള്ളതായും പ്രസ്താവിക്കുന്നു. അപ്രകാരം സൂചന (2) മുഖേന പ്രാബല്യത്തിൽ വന്ന ചട്ടങ്ങളിലെ ചട്ടം 13 ൽ 'സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച സാക്ഷ്യപത്രം (ഫോറം ബി) നൽകേണ്ടത് ബോർഡ് ചെയർമാനാണ്.' ഫോറം 'സി' യിൽ അംഗീകാര കാലാവധി അവസാനിക്കുന്നതിന് 2 മാസം മുമ്പായി പുതുക്കൽ അപേക്ഷ സമർപ്പിക്കണമെന്ന് ചട്ടം 16 ലും വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 13 (ഇ) പ്രകാരം 10 അന്തേവാസികളെ താമസിപ്പിക്കുവാനുള്ള പ്രൊവിഷനുള്ളവക്ക് മാത്രമേ അംഗീകാരത്തിനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളു. (ജി.ഒ.(എം.എസ്) 276/65/ഹോം തിയ്യതി 24-07-1965. ഓരോ സ്ഥാപനവും സൂക്ഷിക്കേണ്ട രേഖകൾ/രജിസ്റ്റർ സംബന്ധിച്ച വിവരം ചട്ടം 17 ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇപ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരവും ഗ്രാന്റിനുള്ള അർഹത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധനയിൽ ഉറപ്പുവരുത്തേണ്ടതും ഓഡിറ്റ് റിപ്പോർട്ടിൽ ഉത്തരവിന്റെ പ്രസക്ത വിവരങ്ങൾ 'അതോറിറ്റി' സഹിതം ഉൾപ്പെടുത്തേണ്ടതുമാണ്.

(2) അന്തേവാസികൾക്ക് നൽകേണ്ടതായ care, treatment എന്നിവ സംബന്ധിച്ചും leave, transfer എന്നിവ സംബന്ധിച്ചുമുള്ള നിബന്ധനകൾ G.O.(Rt)1171/63/Home തീയതി 18.5.1963 നമ്പർ ഉത്തരവിലെ 9,10,11 ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളത് താഴെ കൊടുക്കുന്നു.

9)

1. No caste creed or religious distinction should be shown in the matter of admission..

2. All inmates should be segregated according to sex and age groups in each sex. Each inmates shall be provided with sufficient clothing and bedding food and Medical aid, inmates affected by contagious or infectious diseases shall be effectively isolated.
3. The treatment given to the inmates should be suitable for the rehabilitation of each individual.
4. Compulsory elementary education shall be given to the inmates who are within the schoolage. Vocational training may also be given according to the aptitude and convenience.
5. There should be sound discipline among the inmates. For this good disciplinary norms and daily programmes should be prepared and worked out by the management.

10)

1. <u>Visits communication and absence on short leave of inmates</u> – The person in charge of each Home may allow visit and communications with inmates by their relatives, friends and well wishers at reasonable times.
2. Absence on short leave may be allowed to the inmates to go home to meet their kith and kin on important occasions. Such permission shall be granted by the management and recorded then and there in the registers.
3. <u>Transfer and Discharge</u> – Transfer from one Home to another of a similar nature can be done with the mutual consent of the managers of those institutions. Discharge of inmates may be done only on sufficient reason and the fact inmates may be done only on sufficient reason and the fact may be reported to the Secretary, soon after the discharge.

ഈ നിബന്ധനകൾ പാലിക്കുന്നത് സംബന്ധിച്ച് വാർഷികകണക്ക്/ഹാജർ എന്നിവ പരിശോധിക്കാവുന്നതാണ്.

(3) അർഹമായ നിർദ്ദേശങ്ങൾ യഥാസമയം ഓർഫനേജ് കൺട്രോൾ ബോർഡ് ബന്ധപ്പെട്ട അനാഥാലയ സ്ഥാപനങ്ങൾക്ക് നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും അതു സംബന്ധിച്ച തുടർനടപടികളും ഉൾപ്പെടുത്തി (G.O.(P)13/2008/SWD തീയതി 20.2.2008) ൽ ചട്ടം പുതുക്കി പുറപ്പെടുവിച്ചി ട്ടുള്ളതാണ്. ഇവയും പരിശോധന വേളയിൽ ശ്രദ്ധിക്കേണ്ടതാണ്.

(4) മുകളിൽ പരാമർശിച്ച നിയമം, ചട്ടങ്ങൾ, സർക്കുലർ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വാർഷികകണക്ക് പരിശോധന നടത്തുമ്പോൾ താഴെ പറയുന്നവ പാലിച്ചിട്ടുണ്ട് എന്ന് നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

<u>സൂചന (2) ൽ പരാമർശിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ</u> :

(ശ) <u>ചട്ടം 3(എ)</u> :

അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 5 വയസ്സിനും 21 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് മാത്രമേ ഗ്രാന്റിനർഹതയുള്ളൂ.

(ജി.ഒ.(എം.എസ്)18/2001/സക്ഷേ നം. 7.7.2001 നമ്പർ ഉത്തരവിൽ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിലെ പഠനത്തിന് കൂടി നിബന്ധനയ്ക്ക് വിധേയമായി ഗ്രാന്റനുവദിക്കാൻ അനുമതി നൽകിക്കൊണ്ട് ചട്ടം 3(എ)(1), 3(എ)(2) ഉൾപ്പെടുത്തി. ഗ്രാന്റനുവദി ക്കുന്നതിന് ബന്ധപ്പെട്ട അന്തേവാസി പരീക്ഷ എഴുതിയതായി ബോധ്യപ്പെടേണ്ടതുണ്ട്.

(ശശ) <u>ചട്ടം 3(ബി)</u> :

നിലവിലുള്ള അന്തേവാസികളിൽ 75% ൽ കുറയാത്തവർ 5 വയസ്സിനും 21 വയസ്സിനും ഇടയിലുള്ളവരും വിദ്യ അഭ്യസിക്കുന്നവരുമായിരിക്കണം.

(ശശശ) <u>ചട്ടം 3(സി)</u> :

അനാഥനോ അഗതിയോ അല്ലാത്തവർ അന്തേവാസികളാകാൻ പാടില്ല.

(ശ്) <u>ചട്ടം 3(ഡി)</u> :

ലഭ്യമാവുന്ന ഗ്രാന്റ് തുക പൂർണമായും ബോർഡിംഗ് ചാർജ്ജിനത്തിൽ മാത്രമേ ചെലവഴിക്കാവൂ.

() <u>ചട്ടം 3(ഇ)</u> :

ശരിയായ താമസസൗകര്യം, സാനിറ്ററി അറേഞ്ച്മെന്റ്, മറ്റു സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കണം. (ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപത്രം പരിശോധിച്ച് ഉറപ്പുവരുത്തണം)

(ശ്) <u>ചട്ടം 3(എഫ്)</u> :

ഓരോ സ്ഥാപനത്തിനും മാനേജർ/മാനേജിംഗ് കമ്മറ്റി ഉണ്ടായിരിക്കണം.

(ശശ) ചട്ടം 3(ജി) :

Appendix ക ൽ സൂചിപ്പിച്ച രജിസ്റ്ററുകളും അക്കൗണ്ടുകളും സൂക്ഷിക്കണം. സൂക്ഷിക്കേണ്ട പ്രധാന രേഖകളുടെ വിവരം-

I. Admission Register with the following columns-

(1) Serial No. (2) Name of inmate (State male or female) (3) Date of birth (4) Date of admission (5) Native place (6) District in which the native place is situated (7) State (8) Whether orphan or non-orphan (9) Father's name (10)Father's Occupation (11) Mother's Name (12) Mother's Occupation (13) Father's annual income (14) Mother's annual income (15) Guardian's Name (16) Guardian's occupation (17) Guardian's annual income (18) Whether protected from small-pox (19) Nationality (20) Caste (21) Mother tongue (22) Date of leaving the orphanage (23) Name of recognized educational institution the inmate is reading (24) Class in which the inmate is reading (25) Date of admission to the school (26) Date of leaving the school (27) Year in which the inmate reaches the 21st year of age (28)Remarks

The institutions shall maintain the following registers among other things

II. Attendance Register III. Visitors Book IV. Minute Book

V. Cash Book VI. Complaint Book VII. Office Order Book

VIII. Staff Register IX. Acquittance Roll X. Stock and Issue Register

XI. Ledger XII. School Fee Reimbursement Register

(ശശശ) ചട്ടം 3(എച്ച്)

സംസ്ഥാന ഗവൺമെന്റിൽ നിന്നും സംരക്ഷണഗ്രാന്റ് ലഭിക്കുന്ന കുട്ടികളുടെ സംരക്ഷണത്തിനായി മറ്റ് സംസ്ഥാന ഗവൺമെന്റിൽ നിന്നോ കേന്ദ്ര ഗവൺമെന്റിൽ നിന്നോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ സഹായം കൈപ്പറ്റാൻ പാടില്ല. കെട്ടിടനിർമ്മാണം service expansion എന്നിവക്കായി ധനസഹായം കൈപ്പറ്റാവുന്നതും അതിനായി പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്.

ശഃ) ചട്ടം 3(എച്ച്)(1)

വിദേശ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ ധനസഹായം കൈപ്പറ്റിയതും ചെലവഴിച്ചതും സംബന്ധിച്ച് 'Annexure II A' യിൽ സാക്ഷ്യപത്രം ഗ്രാന്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം; (G.O.(M.S) 15/95 SWD dt: 25.03.1995)

വിദേശ ധനസഹായം ലഭിക്കാത്ത സ്ഥാപനങ്ങൾ 'Annexure II ആ' മാതൃകയിലുള്ള സാക്ഷ്യപത്രവും നൽകേണ്ടതാണ്.

ഓഡിറ്റിന് സമർപ്പിക്കപ്പെടുന്ന വാർഷികകണക്കിൽ പ്രസ്തുത സാക്ഷ്യപത്രം ഉണ്ട് എന്ന് ഉറപ്പു വരുത്തണം. ഗ്രാന്റ് ലഭിച്ച സ്ഥാപനങ്ങളിൽ ഇപ്രകാരം സാക്ഷ്യപത്രം നൽകിയവയിൽ തുടർന്നുള്ള പരിശോധനയിൽ വിദേശ ധനസഹായം ലഭിച്ചതായി ബോധ്യപ്പെട്ടാൽ, അനുവദിച്ച ഗ്രാന്റ് തുക പൂർണ്ണമായോ ഭാഗികമായോ, തിരികെ ഈടാക്കുന്നതാണ്.

കുറിപ്പ്ചട്ടം 3(എച്ച്, ക)

സ്ഥാപനത്തിനോ മാതൃസ്ഥാപനത്തിനോ അനുബന്ധസ്ഥാപനത്തിനോ വിദേശത്തുനിന്നും ലഭിക്കുന്ന പണം/പണേതര ധനസഹായം വിദേശ ധനസഹായമായി കണക്കാക്കുന്നു.

കുറിപ്പ് -1

സർക്കാർ ധനസഹായവും വിദേശ ധനസഹായവും കൂടി കണക്കിലെടുത്താൽ ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ ഒരു അന്തേവാസിക്ക് പ്രതിമാസം 1500 രൂപയില ധികരിച്ചാൽ അപ്രകാരം അധികരിച്ച തുക അധികതുകയായി . കണക്കാക്കുന്നതും ആയത് ഗ്രാന്റിൽ നിന്നും കുറവു വരുത്തുന്നതുമാണ്. (G.O.(M.S) 24/86 SWD dt: 23.12.1986, G.O.(M.S) 7/96 SWD dt: 12.3.1996) ഒരു അന്തേവാസിക്ക് പ്രതിമാസം 1500 രൂപയിലധികം വരുന്നില്ല/വരുന്നുണ്ട് എന്ന വിവരം കൂടി ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികയായി ഉൾപ്പെടുത്തേണ്ടതാണ്.

കുറിപ്പ് 2 ;

ബോർഡിംഗ് ചാർജ്ജ് കണക്കിലെടുക്കുമ്പോൾ സ്ഥാപനത്തിലെ മൊത്തം അന്തേവാസികളുടെ എണ്ണത്തിനാനുപാതികമായാണ് തുക കണക്കിലെടുക്കേണ്ടത്. ബോർഡിംഗ് ഇതര ചെലവുകൾ ഉൾപ്പെടുത്തേണ്ടതില്ല.

ഃ)ചട്ടം-4 – ഗ്രാന്റ് തുക – വിവിധ കാലയളവുകളിൽ അർഹമായ പ്രതിമാസ ഗ്രാന്റ്

ക്രമ നം	ഉത്തരവ് നമ്പർ	പ്രതിമാസ തുക	പ്രാബല്യ തീയതി
1	ഏ.ഛ.(ങ.ട)1/11 സാ.ക്ഷേ.വ നഃ 05.01.2011	250	01.04.2010
2	ഏ.ഛ.(ങ.ട)56/12 സ്വാ.ക്ഷേ.വ നഃ 18.09.2012	525	01.04.2012
3	ഏ.ഛ.(ങ.ട)36/13 സാ.നീ.വ നഃ 06.05.2013	700	01.04.2013

യഥാർത്ഥ താമസ കാലയളവിൽ നിന്നും അനർഹമായ ഹാജർ കാലയളവ് കുറവ് ചെയ്ത് ലഭിക്കുന്ന താമസ കാലയളവിന് സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ ഗ്രാന്റിനർഹമായ

പരമാവധി അന്തേവാസികളുടെ എണ്ണം കൂടി കണക്കിലെടുത്ത് ഗ്രാന്റ് തുക പരിമിതപ്പെടുത്തേണ്ടതാണ്.

അനാഥരും അഗതികളുമായവരുടെ താഴെ പറയുന്ന വരുമാന പരിധിയിൽ കവിഞ്ഞ വരുമാനമില്ലാത്തതുമായ അന്തേവാസികൾക്ക് മാത്രമേ ഗ്രാന്റിനർഹതയുള്ളൂ.

ഉത്തരവ് നമ്പർ	വരുമാന പരിധി
1) G.O.(M.S) 10/2000 സാ.ക്ഷേ.വ dt: 6.05.2000	11000
2) G.O.(M.S) 13/2010 സാ.ക്ഷേ.വ dt: 17.02.2012	20000 ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്ക് 22375 നഗര പ്രദേശങ്ങളിൽ ഉള്ളവർക്ക്
3) G.O.(R.T) 76/2013 സാ.നീ.വ dt: 23.09.2013	34000 ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്ക് 38000 നഗര പ്രദേശങ്ങളിൽ ഉള്ളവർക്ക്

xi) ചട്ടം 5 ബോർഡിംഗ് ചാർജ്ജ് – ഉൾപ്പെടുന്ന ഇനങ്ങൾ

1. Cost of food stuff
2. Pay of cooks and other servant employed for cooking and serving meals.
3. Cost of clothing and bedding, special fees,stationary articles, books and medical aid
4. Contigents such as fuel charge, hewing charge, cooling charges , lighting, electric bulbs, grinding charges, kitchen utensils, kerosin oil, matches, wicks, lamps, washing charges of clothes, water charges, S.T. on articles, barber charges and bathing.

(ഏ.ഹ.(ങ.ട) 24/2012 സാ.ക്ഷേ.വ റC: 13.04.2012 പ്രകാരം ബോർഡിംഗ് ചാർജ്ജ് തുകയുടെ പരിധി 500 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു.)

xii)ചട്ടം 7 – (ഗ്രാന്റിനർഹമായ കാലയളവ്)

ഏപ്രിൽ – 1 നോ അതിനുശേഷമോ, സ്ഥാപനത്തിൽ പ്രവേശിപ്പിച്ച അന്തേവാസികൾക്ക് തൻവർഷം വിദ്യാഭ്യാസ സ്ഥാപനത്തിൽ ചേരുകയാണെങ്കിൽ സ്ഥാപനത്തിൽ ചേർന്ന തീയതി മുതൽ ഗ്രാന്റിനർഹതയുണ്ടായിരിക്കും. സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് ഗ്രാന്റ് നിർണ്ണയിക്കുന്നത്. ഒരു സാമ്പത്തിക വർഷത്തിനിടയിൽ പരമാവധി 21 വയസ്സ് പൂർത്തിയാക്കുന്ന അന്തേവാസി വിദ്യാഭ്യാസം തുടരുന്നുണ്ടെങ്കിൽ പ്രസ്തുത സാമ്പത്തിക വർഷാവസാനം വരെ ഗ്രാന്റിനർഹനാവുന്നതാണ്.ഒരു സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചു നൽകുന്ന ഉത്തരവുണ്ടെങ്കിൽ ആയത് പരിഗണിക്കേണ്ടതാണ്.

xiii)ചട്ടം 8 – ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനമായിരിക്കണം.

xiv) ചട്ടം 9 - Recognition Certificate ലഭ്യമായതിന് ശേഷം മാത്രമേ ഗ്രാന്റ് അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ

xv) ചട്ടം 10/ചട്ടം 11- ഗ്രാന്റിനുള്ള അപേക്ഷ

ഗ്രാന്റിനർഹതയുള്ള സ്ഥാപനങ്ങൾ സെപ്തംബർ 30 ന് മുമ്പായി Appendix II form ൽ സാമൂഹ്യനീതി ജില്ലാ ഓഫീസർക്ക് താഴെ പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. G.O.(M.S) 24/2003 സാ.ക്ഷേ.വ dt: 17.06.2013)

1. ചട്ടപ്രകാരം അർഹമായ ഗ്രാന്റ് തുക ശുപാർശ ചെയ്തുകൊണ്ട് ചാർട്ടേഡ് അക്കൗണ്ടന്റ്/Regd. Body of Auditors നൽകുന്ന മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റ് ചെയ്ത അക്കൗണ്ടും.

2) രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന സാനിറ്ററി സർട്ടിഫിക്കറ്റ് (മാതൃക Annexure I)

3) മുൻവർഷത്തെ താമസ കാലയളവ് വിശദമാക്കുന്ന Appendix V മാതൃകയിലുള്ള സ്റ്റേറ്റ്മെന്റ്.

4) ഗ്രാന്റ് ആവശ്യപ്പെടുന്ന അന്തേവാസികളുടെ വിശദ വിവരം ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് (Appendix IV)

5) ഗ്രാന്റിനപേക്ഷിക്കുന്ന എല്ലാ അന്തേവാസികളുടെയും ഡസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് വാങ്ങി ഫയൽ ചെയ്തിട്ടുണ്ടെന്ന സാക്ഷ്യപത്രം.

xvi) ചട്ടം 12 ഗ്രാന്റിനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ഗ്രാന്റനുവദിക്കുന്ന അധികാരി / ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥാപനത്തിൽ പരിശോധന നടത്തി താഴെ പറയുന്നവ ഉറപ്പു വരുത്തണം

- അന്തേവാസികൾക്ക് ഉചിതമായ വിദ്യാഭ്യാസം നൽകുന്നത്
- കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നത്,
- താമസസൗകര്യവും മറ്റു സൗകര്യങ്ങളും തൃപ്തികരമാണോ?
- സ്ഥാപനം സ്വകാര്യ ധനലാഭത്തിന് വേണ്ടി പ്രവർത്തിക്കുന്നില്ല.-

പരിശോധനയിൽ തൃപ്തികരമാണെന്ന് കാണുന്നപക്ഷം ഗ്രാന്റ് താത്കാലികമായി നൽകാവുന്നതാണ്.

xvii) ചട്ടം 13 Appendix III മാതൃകയിലുള്ള ഡസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണം. ജി.ഒ(എം.എസ്) 1039/79 ആർഡി തീയതി: 06.08.1974 പ്രകാരം ഡസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ്

നൽകുന്നതിനുള്ള അധികാരി വില്ലേജ് ഓഫീസറാണ്. G.O.(P) 52/2013 SJD dt: 22.06.2013 ഉത്തരവിൽ പുതുക്കിയ നിബന്ധനകളും ഫോറം മാതൃകയും നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത മാതൃകയിൽ എല്ലാ വിവരങ്ങളും അടങ്ങിയ സാക്ഷ്യപത്രമാണ് എന്നുറപ്പുവരുത്തേണ്ടതാണ്.

xviii) ചട്ടം 14 – ഗ്രാന്റ് കണക്കാക്കുന്ന വിധം

ഗ്രാന്റിനർഹരായ അന്തേവാസികളുടെ താമസ കാലയളവ് കണക്കിലെടുത്താണ് ഗ്രാന്റ് തുക നിജപ്പെടുത്തുന്നത്. മാസത്തിൽ എല്ലാ ദിവസവും ഹാജരുള്ളത്, 'children month' *epw FÃm Znhkhpw lmPcnÃm Xv* 'children days' ലും കണക്കാക്കുകയും 'children days' നെ 365/366 കണക്കിൽ വിഭജിച്ച് ഗ്രാന്റ് തുക കണക്കാക്കേണ്ടതാണ്.

xix) ചട്ടം 15 ഗ്രാന്റനുവദിക്കുന്ന രീതി:

മുൻവർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചട്ടം 12 ൽ പരാമർശിച്ച പ്രകാരം താൽക്കാലികമായി ഗ്രാന്റനുവദിക്കുന്നതാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് തുക അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

(ഗവ.ലെറ്റർ നം.22118/ഇ1/80/എൽ.എ.& എസ്.ഡബ്യു.ഡി തീയതി: 03.07.1980 സാമ്പത്തിക ബുദ്ധിമുട്ടുള്ള അനാഥാലയങ്ങൾക്ക് വർഷാരംഭത്തിൽ പകുതി ഗ്രാന്റ് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.)

xx) ചട്ടം 16 ഗ്രാന്റനുവദിക്കുന്ന അധികാരി – ജില്ലാ സാമൂഹ്യനീതി ഓഫീസർ – ട്രഷറി ബിൽ മുഖേന തുക പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന സ്ഥാപനത്തിന് നൽകുന്നു.

xxi) ചട്ടം 17 ; തുക പണമാക്കി മാറ്റിയ വിവരം സ്ഥാപന മാനേജർ ഒരാഴ്ചക്കകം ജില്ലാ സാമൂഹ്യ നീതി ഓഫീസറെ അറിയിക്കേണ്ടതാണ്.

xxii) ചട്ടം 18 ; വിനിയോഗ സാക്ഷ്യപത്രം

സാമ്പത്തിക വർഷം അവസാനിച്ചാൽ ഉടൻ കണക്കുകൾ ഓഡിറ്റ് ചെയ്ത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നതിന് അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

xxiii) ചട്ടം 19 ; **Fixation of Strength :**

പരമാവധി ഗ്രാന്റ്, ഗ്രാന്റിന് അർഹമായ അന്തേവാസികളുടെ എണ്ണത്തിനനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്.

xxiv) ചട്ടം 20 ; അക്കൗണ്ടുകളുടെ സൂക്ഷിപ്പും ഓഡിറ്റും :

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിർദ്ദേശിക്കുന്ന മാതൃകയിൽ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതാണ്. അക്കൗണ്ടന്റ് ജനറലിനും ഓഡിറ്റ് നടത്താവുന്നതാണ്. അധികതുക ഗ്രാന്റായി ലഭിച്ചത് കണ്ടെത്തിയാൽ പ്രസ്തുത തുക അടുത്ത വർഷത്തെ ഗ്രാന്റിൽ നിന്നും കുറവു വരുത്തേണ്ടതാണ്.

(5) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള എല്ലാ സ്ഥാപനങ്ങളിലും കൃത്യമായി മാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധന നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ, ഹോമിയോപ്പതി ഡയറക്ടർ എന്നിവർക്ക് കർശന നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഗവ: ലറ്റർ നം.21486/എം.2/12/ആ.കു.വ. തീ: 26.5.2012)

Begger Homes/Poor Homes of Bugger Relief Centre

ജി.ഒ. (എം.എസ്)53/66/ഹോം. തിയ്യതി 10-02-1966 പ്രകാരം പുറപ്പെടുവിച്ച വിശദമായ ചട്ടങ്ങൾ പ്രകാരമുള്ള പ്രധാന നിബന്ധനകൾ പാലിച്ചിട്ടുണ്ട് എന്നുറപ്പുവരുത്തേണ്ടതാണ്.

Foundling Homes

ജി.ഒ.(എം.എസ്)96/72/എൽ.എ. & എസ്. ഡബ്ല്യു.ഡി. തിയ്യതി 27-03-1972 നം. ഉത്തരവ് പ്രകാരം

പുറപ്പെടുവിച്ച "Rules governing payments of grant to foundling Homes 1967' ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്നുറപ്പുവരുത്തേണ്ടതാണ്.

Rules for payment of grant in aid to the homes for physically handicapped person:

(G.O.(Ms) 10/86/SWD. dated 16-04-1986) (Blind, Deaf, Mentally retarded, orthopedically handicapped person) എന്നിവരെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റനുവദിക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ.

ചട്ടം 7 : താമസം, ഭക്ഷണം, വസ്ത്രം എന്നിവ തുടർച്ചയായി നൽകപ്പെടുന്ന അന്തേവാസികൾക്കാണ് ഗ്രാന്റിനർഹത

ചട്ടം 8 : (എ). ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ലഭിക്കുന്ന അന്തേവാസികൾ ഗ്രാന്റിനർഹരല്ല.

(ബി). രക്ഷിതാക്കൾക്ക് നിശ്ചിത വരുമാന പരിധിയിൽ കവിഞ്ഞ വരുമാനമുള്ള അന്തേവാസികൾക്കും ഗ്രാന്റിനർഹതയില്ല

ചട്ടം 9 : നിശ്ചിത മെഡിക്കൽ സ്പെഷ്യലിസ്റ്റ് നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ അഡ്മിഷൻ ക്രമത്തിൽ സൂക്ഷിക്കേണ്ടതും ഇതിന്റെയടിസ്ഥാനത്തിൽ മാത്രം ഗ്രാന്റിനർഹത ഉണ്ടായിരിക്കുന്നതുമാണ്

ചട്ടം 10 : സ്ഥാപനത്തിന് നിശ്ചിത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം

ചട്ടം 11 : താഴെ പറയുന്ന ഗ്രൂപ്പുകളിൽപ്പെടുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ താമസ സൗകര്യം ഒരുക്കേണ്ടതാണ്.

എ). 18 വയസ്സിൽ താഴെയുള്ളവർ

ബി). 18 - 45 വയസ്സിനും ഇടയിലുള്ളവർ

സി). 45 വയസ്സിനു മുകളിലുള്ളവർ

ചട്ടം 12 : കണക്കുകൾ സാമൂഹ്യക്ഷേമ വകുപ്പും ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പും പരിശോധിക്കണം

ചട്ടം 13 : വരവു ചെലവു കണക്കുകളും ബാലൻസ് ഷീറ്റും സാമ്പത്തിക വർഷം അവസാനിച്ച് 3

മാസത്തിനകം സമർപ്പിക്കണം (ലോക്കൽഫണ്ട് ഓഡിറ്റ് നിയമപ്രകാരം 4 മാസത്തികം സമർപ്പിച്ചാൽ മതി).

മുൻവർഷത്തെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരമാണ് ഗ്രാന്റനുവദിക്കുന്നത്

ചട്ടം 14 : താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കണം

ചട്ടം 18

എ). അഡ്മിഷൻ രജിസ്റ്റർ

ബി). അറ്റൻൻസ് രജിസ്റ്റർ

സി). വരവു രജിസ്റ്റർ, ചെലവു രജിസ്റ്റർ, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ

ഡി). ഇൻസ്പെക്ഷൻ ഡയറി

ഇ). വിസിറ്റേഴ്സ് ഡയറി

എഫ്). ആവശ്യപ്പെടുന്ന മറ്റു രജിസ്റ്ററുകൾ

ചട്ടം 20 : സ്ഥാപനത്തിന് ലഭ്യമാവുന്ന മറ്റ് ധനസഹായങ്ങളുടെ വിവരങ്ങൾ ഒരു മാസത്തിനകം സാമൂഹ്യനീതി വകുപ്പിനെ അറിയിക്കണം.

ചട്ടം 23 : ഈ ചട്ടങ്ങളിൽ ഏതെങ്കിലും സ്ഥാപനത്തിന് ഇളവനുവദിക്കുവാനുള്ള അധികാരം സർക്കാരിനുണ്ട്.

ഗ്രാന്റിനപേക്ഷ സമർപ്പിക്കേണ്ട മാതൃകയും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

Oldage and Infirm inmates:- അന്തേവാസികളായുള്ള സ്ഥാപനങ്ങൾ

(ജി.ഒ. (എം.എസ്) 93/ഹോം. തിയ്യതി 09-03-1992)

ഏറ്റവും കുറഞ്ഞത് 15 അന്തേവാസികളുണ്ടായിരിക്കണം

അംഗീകാരം ഉള്ളതായിരിക്കണം

ബോർഡിംഗ് ചാർജിൽ ഉൾപ്പെടുന്നത്

1). ഭക്ഷണ ചെലവ്

2). പാചകത്തിനും ഭക്ഷണം നൽകുന്നതിനുള്ള ചെലവ്

3). വസ്ത്രം/താമസചെലവ്

4). റേഷൻ സാധനങ്ങൾ കൊണ്ടുവരാനുള്ള ചെലവ്, പാത്രങ്ങൾ, ഇന്ധനം എന്നിവക്കുള്ള ചെലവ്

കിളശ്യാശ്യ ഇല്യശേള്ശരമലേ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്. പ്രതിമാസ ഗ്രാന്റ് തുക കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമാണ്. ഇപ്രകാരം അർഹമായ ഗ്രാന്റ് തുക മൊത്തം ബോർഡിംഗ് ചാർജ്ജിൻെറ 75%ൽ പരമിതപ്പെടുത്തേണ്ടതാണ്.

(6) Water supply to all orphanages and old age homes registered with Orphanage Control Board will be charged at domestic rates. (G.O.(Rt.)1457/2012/WRD dated 13.12.2012)

(7) അംഗീകൃത അനാഥാലയങ്ങളിലെയും സർക്കാർ സ്ഥാപനങ്ങളിലെയും അന്തേവാസികളായ പരീക്ഷാർത്ഥികളെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് കാർഡിന്റെ വില 15 രൂപ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി.

(ജി.ഒ.(എം.എസ്)6/09 പൊവിവ. തീ: 14.1.2009)

(8) (ജി. ഒ. (എം. എസ്)283/12/പൊ. വി. വ. തീ; 14. 9. 2012)

ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷിക്കുന്ന അനാഥാലയങ്ങളിലെ അന്തേവാസികളായ വിദ്യാർത്ഥികൾക്ക്

അവർ അപേക്ഷിക്കുന്ന സ്കൂളിൽ അപേക്ഷിക്കുന്ന കോഴ്സിന് മതിയായ സീറ്റ് ലഭ്യമല്ലെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്തവിധം അധികസീറ്റ് സൃഷ്ടിച്ച് പ്രവേശനം നൽകുന്നതിന് പ്രത്യേക അനുമതി നൽകി.

9) (ജി.ഒ.(എം.എസ്)29/2000 സാ.ക്ഷേ.വ. തീ: 29.11.2000)

അനാഥാലയങ്ങളിൽ സംരക്ഷിച്ചുവരുന്ന പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ സമർത്ഥരായ കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

10) ജി.ഒ.(ആർ.ടി)453/2012 സാ.ക്ഷേ.വ. തീയതി 11.10.2012

അനാഥാലയങ്ങളുടെയും മറ്റു ധർമ്മസ്ഥാപനങ്ങളുടെയും പ്രവർത്തനം അവലോകനം ചെയ്യുന്നതിനും അവർക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നു വെന്നുറപ്പുവരുത്തുന്നതിനുമായി സംസ്ഥാനതല അവലോകന സമിതിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചു.

ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ ചുമതലകൾ :

(ചെയർമാൻ - ജില്ലാ കലക്ടർ, കൺവീനർ - ജില്ലാ സാമൂഹ്യനീതി ഓഫീസർ)

താഴെ പറയുന്ന സേവനങ്ങൾ എല്ലാ അന്തേവാസികൾക്കും സ്ഥാപനങ്ങൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

എ) പ്രതിമാസ നിരക്കിലുള്ള ഗ്രാന്റ്
ബി) ഒരു അന്തേവാസിക്ക് ഒരു രൂപ നിരക്കിൽ (7) ഏഴ് കിലോ അരി പ്രതിമാസം
സി) ഗാർഹിക നിരക്കിൽ പാചകവാതകം
ഡി) കൺസഷൻ നിരക്കിൽ ഇലക്ട്രിസിറ്റി കണക്ഷൻ
ഇ) വസ്തുനികുതി എക്സംപ്ഷൻ
എഫ്) സ്ഥാപനങ്ങളിൽ ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ 1500 രൂപ വരെ പ്രതിമാസം ചെലവഴിക്കാനുള്ള അനുമതി പ്രകാരം മെച്ചപ്പെട്ട സേവനങ്ങൾ
ജി) വാഹനങ്ങൾക്ക് കൺസഷൻ നിരക്കിലുള്ള ടാക്സ്
എച്ച്) അന്തേവാസികൾക്കുള്ള തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ ധനസഹായ പദ്ധതി.
ഐ) സ്ഥാപനങ്ങളിലെ കുട്ടികളുടെ ഫീസിന്റെ റീ- ഇംപേഴ്സ്മെന്റ് പദ്ധതി
ജെ) സ്ഥാപനങ്ങളിലെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അർഹമായ സീറ്റ് സംവരണം
കെ) അന്തേവാസികളെ എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്തു എന്ന് ഉറപ്പുവരുത്തൽ
എൽ) ചാരിറ്റി പർപ്പസിൽ ഉള്ള സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ
എം) അന്തേവാസികളായ കുട്ടികൾക്ക് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് കാർഡിന്റെ വില ഒഴിവാക്കൽ
എൻ) കലാകായികമേളക്കുള്ള ധനസഹായം
ഒ) അംഗീകാരം നൽകൽ (ഓൾഡ് എയ്ജ് ഹോം, വികലാംഗ സ്ഥാപനങ്ങൾ, സ്ത്രീകൾക്കുള്ള സ്ഥാപനങ്ങൾ) എന്നിവയ്ക്കുള്ള വ്യവസ്ഥകളിൽ ഇളവ്
പി) സ്ഥാപനങ്ങളിലെ മാസത്തിൽ ഒരിക്കലുള്ള ചെക്കപ്പ്
ക്യു) അന്തേവാസികൾക്ക് ഓർഫൻ/നോൺ ഓർഫൻ സർട്ടിഫിക്കറ്റ്

(12) (1.2.2011 ലെ സർക്കുലർ നം.ജി.2/47510/2010 ഓർഫനേജ് കൺട്രോൾ ബോർഡ്)

17.2.2010 ലെ ജി.ഒ.(എം.എസ്)13/2010 സാ.ക്ഷേ.വ. നം. ഉത്തരവിൽ നൽകിയ നിർദ്ദേശ പ്രകാരം 10.11.2010 ൽ കൂടിയ ഓർഫനേജ് കൺട്രോൾ ബോർഡ് യോഗത്തിൽ ചൈൽഡ് ട്രാഫിക്കിംഗ് ഒഴിവാക്കുന്നതിനും അത്തരം നടപടികൾ ഉണ്ടാകാതിരിക്കുന്നതിനും ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് ഉള്ളവരെ മാത്രമേ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ താമസസ്ഥലത്തെ വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ കുട്ടികളെ പ്രവേശിപ്പിക്കാൻ പാടുള്ളൂവെന്നും ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റില്ലാത്ത കുട്ടികൾ സ്ഥാപനങ്ങളിൽ ഉണ്ടെങ്കിൽ അവരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(13) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 19.3.2011 ലെ ഒ.സി.ബി/2/3855/11 നമ്പർ സർക്കുലർ :

മറ്റു സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൈമാറ്റം നടത്തുന്നത് തടയുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ഓർഫനേജുകളിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകേണ്ടത് എന്നും സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള കുട്ടികളുടെ കൈമാറ്റം പൂർണ്ണമായി നിയന്ത്രിക്കുന്നതിന് നടപടിക്രമങ്ങൾ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

അംഗീകൃത സ്ഥാപനങ്ങളിൽ 1.2.2011 ന് മുമ്പ് പ്രവേശിപ്പിച്ചിട്ടുള്ള മറ്റു സംസ്ഥാനങ്ങളിലെ കുട്ടികളെ സംബന്ധിച്ച് സർക്കാർ തലത്തിൽ പ്രത്യേക തീരുമാനമെടുക്കുന്നതായിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

14)ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 26.10.2013 ലെ സർക്കുലർ നം.ഒ.സി.ബി.1/17257/12

മേൽ സർക്കുലറിലെ പ്രധാന ഉള്ളടക്കങ്ങൾ ഇനി പറയുന്നു.

എ) അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പ്രവേശനം കുട്ടികളുടെ താമസസ്ഥലത്തെ വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത ഏതെങ്കിലും കുട്ടികൾ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കണമെന്നും ബോർഡ് സർക്കുലർ ജി.2/47510/10 തീ; 1.2.2011 ൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ബി) ജി.ഒ.(പി)52/2013/എസ്.ജെ.ഡി. തീയതി 22.6.2013 പ്രകാരമുള്ള സർക്കാർ നോട്ടിഫിക്കേഷൻ അനുസരിച്ച് കുട്ടികളുടെ സ്ഥാപനത്തിലെ എല്ലാ പ്രവേശനങ്ങളും ഫോറം 1 ലെയോ, ഫോറം 2 ലെയോ ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം

സി) ഏതെങ്കിലും സാഹചര്യത്തിൽ സംസ്ഥാനത്തിന് വെളിയിൽ ഉള്ള കുട്ടികളെ പ്രവേശിപ്പിക്കുന്ന പക്ഷം അതാത് സംസ്ഥാന സർക്കാർ നൽകുന്ന ശുപാർശയുടെ വെളിച്ചത്തിൽ ബോർഡിന്റെ പ്രത്യേക അനുമതിയോടുകൂടി മാത്രമേ പ്രവേശനം നടത്താൻ പാടുള്ളൂ.

ഡി) പ്രവേശനത്തിനു വേണ്ടി നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റിൽ കുട്ടിയുടെ പൂർണ്ണവിലാസം, നേറ്റിവിറ്റി, ജനനതീയതി, രക്ഷാകർത്താക്കളുടെ ജോലി, കുടുംബ വാർഷിക വരുമാനം എന്നിവ കാണിച്ചിരിക്കണം. നിശ്ചിത കുടുംബ വാർഷിക വരുമാനത്തിന്റെ പരിധിയിൽ വരുന്നവരായിരിക്കണം.

ഇ) ബന്ധപ്പെട്ട കുട്ടി അതാത് വില്ലേജ് ഓഫീസറുടെ അധികാരപരിധിയിൽ താമസമുള്ള ആളാണെന്ന് വില്ലേജ് ഓഫീസർ ഉറപ്പുവരുത്തണം. അപ്രകാരം താമസം അല്ലാത്ത കുട്ടികൾക്ക് വില്ലേജ് ഓഫീസർ

സർട്ടിഫിക്കറ്റ് നൽകാൻ പാടില്ലാത്തതും. ടി വിഷയം ചൈൽഡ് വെൽഫെയർ കമ്മറ്റിയ്ക്ക് റഫർ ചെയ്യേണ്ടതുമാണ്.

എഫ്) പ്രത്യേക സാഹചര്യത്തിൽ അന്യ സംസ്ഥാനക്കാരായ കുട്ടികളെ അവർ സ്ഥിരതാമസമുള്ള സംസ്ഥാന സർക്കാരിന്റെ ശുപാർശ പ്രകാരം ബോർഡിന്റെ അനുമതിയോടു കൂടി പാർപ്പിക്കാം എങ്കിലും ഇത്തരം കുട്ടികൾക്ക് സംസ്ഥാന സർക്കാരിന്റെ യാതൊരു ധനസഹായത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ല.

ജി) അന്യസംസ്ഥാനക്കാരായ കുട്ടികളെ താമസിപ്പിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി)52/2013 എസ്.ജെ.ഡി. തീയതി 22.6.2013 ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം ബോർഡിന്റെ പ്രത്യേക അനുമതി നേടിയിരിക്കേണ്ടതാണ്.

15) ഭക്ഷ്യധാന്യം :

സർക്കാർ ഉത്തരവ് (കൈ)224/2012 തസ്വഭവ. തിയതി 18-08-2012- നമ്പർ ഉത്തരവ് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളെ ബി.പി.എൽ.ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ്. ലെറ്റർ നം. 13738/ഡി1/2012 ഭ.പൊ.വി. വകുപ്പ് തിയ്യതി 14-05-2013ൽ സംസ്ഥാനത്തെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, വികലാംഗ സ്ഥാപനങ്ങൾ തുടങ്ങി ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് എല്ലാ മാസവും ഓരോ അന്തേവാസിക്കും 1 രൂപ നിരക്കിൽ 7 കി. അരി (അതിൽ 25%പച്ചരി) ബി.പി.എൽ. നിരക്കിൽ സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോടെ 3 കി. ഗോതമ്പ് പ്രതിമാസം 400 ഗ്രാം പഞ്ചസാര എന്നിവ അനുവദിക്കുന്നതിനും അരി, ഗോതമ്പ് എന്നിവയുടെ സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള വിഹിതത്തിനു പുറമെയുള്ള അധിക ആവശ്യകത, പഞ്ചസാര എന്നിവ പൊതു ബി.പി.എൽ. വിഹിതത്തിൽ നിന്നും അനുവദിച്ചു നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്

അനുവദിച്ച നിരക്കിലുള്ള ഭക്ഷ്യധാന്യം ഏറ്റെടുക്കുന്നതും കണക്കിലുൾപ്പെടുത്തുന്നതും സംബന്ധിച്ച് - permit, stock & issue Register എന്നിവ പരിശോധനാവിധേയമാക്കേണ്ടതാണ്.

16) **ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും ചട്ടവും ബാധകം :**

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളാണ് അനാഥശാലകളും പുവർ ഹോമുകളും എന്നതിനാൽ ഓഡിറ്റ് നിയമവും, 1996ലെ ഓഡിറ്റ് ചട്ടങ്ങളും പൂർണമായും ഈ സ്ഥാപനങ്ങൾക്കും ബാധകമാണ്. ഓഡിറ്റുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളിലും ഓഡിറ്റ് നിയമവും ചട്ടങ്ങളും പാലിച്ചു എന്നുറപ്പു വരുത്തേണ്ടതാണ്.

17) <u>ഗ്രാന്റ് – ഇൻ– എയ്ഡ് അപേക്ഷയുടെ പകർപ്പ് :</u>

അനാഥശാലകളുടെയും പുവർഹോമുകളുടെയും മറ്റും വാർഷിക വരവു ചെലവു കണക്കിനോടൊപ്പം സാമൂഹ്യക്ഷേമവകുപ്പിന് ഗ്രാന്റ്– ഇൻ– എയ്ഡ് ലഭിക്കുന്നതിന് നൽകിയ അപേക്ഷയുടേയും അനുബന്ധരേഖകളുടെയും പകർപ്പ് കൂടി വാങ്ങി ഓഡിറ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. വിദേശ ധനസഹായം സംബന്ധിച്ചുള്ള സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഈ രേഖയോടൊപ്പം ഉണ്ട് എന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

ഡയറക്ടർ ഇൻ ചാർജ്ജ്